LIBRARY ARCHIVES Kerala Legislative Assembly

മലയോര ഹൈവേ നിർമ്മാണം

7 (*367) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഭൂമി വിട്ടുനൽകാത്തതിനാൽ തടസ്സപ്പെട്ടിരുന്ന മലയോര ഹൈവേയുടെ നിർമ്മാണം പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ടോ?

വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തടസ്സപ്പെട്ടിരുന്ന റീച്ചുകളിൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) മലയോര ഹൈവേ നിർമ്മാണത്തിനായി ഒരു ഹെക്ടറിലധികം വനഭൂമി ഏറ്റെടുക്കേണ്ട റീച്ചുകളിൽ ഭൂമിയേറ്റെടുക്കൽ സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

സാദ്ധ്യമായിട്ടില്ല. ഇത് പരിഹരിക്കുന്നതിനായി നാറ്റ്പാക്കും വനം വകുപ്പുമായി ചേർന്ന് പരിശോധന നടന്നുവരുന്നു. ഇതുപ്രകാരം വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പരിശോധിച്ചുവരുന്നു.

(സി) മലയോര ഹൈവേയുടെ മുഴുവൻ റീച്ചുകളിലെയും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ?

നിലവിൽ എല്ലാ പ്രവൃത്തികളും ത്വരിതപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്ര നിലവാരം

8 (*368) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്രനിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ഓരോ ക്ലാസ്സിലെയും പഠിതാക്കൾ അന്താരാഷ്ട്രതലത്തിലുള്ള ധാരണയും നൈപുണ്യവും കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. അതിനായി നിലവിലുള്ള സ്കൂൾ വിലയിരുത്തൽ സംവിധാനവും ദേശീയ പഠനനേട്ട സർവ്വേയും സാർവ്വദേശീയമായി നടത്തുന്ന വിദ്യാർത്ഥി വിലയിരുത്തൽ പരിപാടികളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം വിലയിരുത്തലിനായി 'സഹിതം' എന്ന ഒരു ഡിജിറ്റൽ പോർട്ടൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക വർഷത്തിനിടയിൽ നടക്കുന്ന പാദവാർഷിക, അർദ്ധവാർഷിക പരീക്ഷകളും വിലയിരുത്തലിനായി പ്രയോജനപ്പെടുത്തുന്നു.

(ബി) ദേശീയതലത്തിൽ സംസ്ഥാനത്തിന് വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ദേശീയ പഠനനേട്ട സർവ്വേയിലും നീതി ആയോഗിന്റെ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അടിസ്ഥാനമാക്കി നടത്തിയ വിലയിരുത്തലിലും ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളത്തിന്റെ സ്ഥാനം. നീതി ആയോഗും യൂണിസെഫും സംയുക്തമായി പുറത്തിറക്കിയ എസ്.ഡി.ജി. ഇന്ത്യാ റിപ്പോർട്ടിലും ഗുണതാ വിദ്യാഭ്യാസത്തിൽ കേരളം 80 സ്കോറോടെ ഒന്നാം സ്ഥാനത്താണ്. നീതി ആയോഗ് അവസാനം പുറത്തിറക്കിയ സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇന്റക്സിലും കേരളം ഒന്നാം സ്ഥാനത്താണ്.

(സി) പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ളതും പുതുതായി നിയമിക്കപ്പെടുന്നതുമായ അദ്ധ്യാപകരുടെ മികവുയർത്താൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. അദ്ധ്യാപകർക്ക് Induction Training ആസൂത്രണം ചെയ്തുവരുന്നു. നിലവിലെ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ പരിഷ്കരിക്കാനും പദ്ധതിയുണ്ട്. സാങ്കേതിക വിദ്യാസംവിധാനങ്ങൾ പ്രയോജന പ്പെടുത്താനാവശ്യമായ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. പുതുതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ ട്രെയിനിംഗ് നടത്താൻ ആവശ്യമായ മൊഡ്യൂളുകളും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിച്ചുവരുന്നതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2019-20 അദ്ധ്യയനവർഷത്തെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചാണ് അദ്ധ്യാപക നിയമനം നടത്തിയിരിക്കുന്നത്. അധിക തസ്തിക അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംരക്ഷിത അദ്ധ്യാപകരുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ടാണോ എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ?

സംരക്ഷിത അദ്ധ്യാപകരുടെ ജോലിയും ആനുകൂല്യങ്ങളും പരിരക്ഷിച്ചുകൊണ്ട് തന്നെയാണ് എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത്.

ദേശീയ പാത 66-ന്റെ ഭൂമി ഏറ്റെടുക്കൽ

9 (*369) ശ്രീ. വി. ജോയി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലിന്റെ ചെലവിന്റെ നാലിലൊന്ന് സംസ്ഥാനം ഏറ്റെടുത്തതിനെത്തുടർന്ന് ദേശീയ പാത 66 നാലുവരിയാക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്താൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ദേശീയപാത 66-ന്റെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാനം 25% ചെലവ് വഹിക്കുന്നത് സംബന്ധിച്ച് കിഫ്ബി, ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെടുന്ന ത്രികക്ഷി കരാർ ഒപ്പുവയ്ക്കുകയും സംസ്ഥാന വിഹിതമായി ഇതുവരെ 40,84,63,00,872 രൂപ കിഫ്ബിയിൽനിന്ന് ദേശീയപാത അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി NHAI ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി State Level Committee യോഗങ്ങൾ റവന്യൂ വകുപ്പ് സമയബന്ധിതമായി നടത്തിവരുന്നു.

(ബി) പദ്ധതിക്കായുള്ള സ്ഥലമെടുപ്പിന്റെ പുരോഗതിയും വിവിധ റീച്ചുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

പദ്ധതിക്കായുള്ള സ്ഥലമെടുപ്പിന്റെ പുരോഗതിയും വിവിധ റീച്ചുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്